<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3032 — 20.06.2014-ൽ മറുപടിയ്ക്ക്

<u>സാംസ്കാരിക ക്ഷേമനിധി ബോർഡ്</u>

<u>ചോദ്യം</u>

ശ്രീ. പി. എ. മാധവൻ
" സി.പി.മുഹമ്മദ്
" തേറമ്പിൽ രാമകൃഷ്ണൻ
" വി.പി. സജീന്ദ്രൻ

<u>മറുപടി</u>

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയുംഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാംസ്കാരിക ക്ഷേമനിധി ബോർഡ് രൂപവൽക്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് വിവിധ കലാ സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചിരുന്നവരോ, ഇപ്പോൾ പ്രവർത്തിച്ച് വരുന്നവരോ ആയ കലാകാരൻമാർക്ക് ആശ്വാസം നൽകുന്നതിനും ഇവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ഈ ബോർഡ് കൈക്കൊണ്ട് വരുന്നത് . ഇതിനായി കലാസാംസ്കാരിക പ്രവർത്തകരിൽ നിന്നും അംഗത്വത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് അംഗത്വം നൽകി അംഗത്വ കാർഡ് വിതരണം ചെയ്യുക, അംഗങ്ങളിൽ നിന്നും യഥാസമയം അംശദായം പിരിച്ചെടുക്കുക, അതോടൊപ്പം തന്നെ ക്ഷേമനിധി ചട്ടങ്ങളും പദ്ധതിയും പ്രകാരം പെൻഷനും മറ്റ് ആനുകൂല്യങ്ങളും അർഹരായവർക്ക് യഥാസമയം ലഭ്യമാക്കുക എന്നിവ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ ക്ഷേമനിധി ബോർഡിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് ക്ഷേമനിധി ആക്ടിലേയും, ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും ബോർഡ് കൈക്കൊള്ളുന്നുണ്ട്. |
| (സി) | സിനിമ, ടെലിവിഷൻ മേഖലകൾ ഉൾപ്പെടെ കലാരംഗത്ത് പ്രവർത്തി | (സി) | സിനിമ, ടെലിവിഷൻ ഉൾപ്പെടെ കലാസാംസ്കാരിക രംഗത്ത് പ്രവർത്തി |

| | | | |
|---|---|---|---|
| | ക്കന്നവരുടെയും പ്രവർത്തിച്ചിരുന്നവരുടെയും ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ബോർഡിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | | ക്കുന്നവരും ക്ഷേമനിധിയിൽ അംഗത്വം ലഭിച്ചിട്ടുള്ളവരുമായവർക്ക് 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി പ്രകാരം ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം **അനുബന്ധമായി** വച്ചിട്ടുണ്ട്. അവ നടപ്പിലാക്കുന്നതോടൊപ്പം തന്നെ, ഏതെങ്കിലും വിഭാഗത്തിലോ, വിഭാഗങ്ങളിലോ പെടുന്ന സാംസ്കാരിക പ്രവർത്തകർക്കായി പ്രത്യേക ക്ഷേമ പദ്ധതിയോ, പദ്ധതികളോ ആവശ്യമായി വരുന്ന പക്ഷം, സർക്കാർ അനുമതിയോടെ അത്തരം ക്ഷേമ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. |
| (ഡി) | ബോർഡിന്റെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് അറിയിക്കുമോ ? | (ഡി) | ബോർഡിന്റെ പ്രവർത്തനത്തിനുള്ള ഫണ്ട് പ്രധാനമായും അംഗങ്ങളിൽ നിന്നും ലഭിക്കുന്ന രജിസ്ട്രേഷൻ ഫീസ്, അംശദായം എന്നിവയിലൂടെയും സിനിമാ പ്രേക്ഷകരിൽ നിന്നും 25 രൂപ വിലയിൽ കവിയുന്ന ടിക്കറ്റിൻമേൽ 3 രൂപ നിരക്കിൽ ശേഖരിക്കുന്ന സെസ്സ് തുകയിൽ നിന്നുമാണ് കണ്ടെത്തുന്നത്. അതോടൊപ്പം തന്നെ ,സാംസ്കാരിക ബംബർ ലോട്ടറിയിലൂടെ സമാഹരിച്ച തുകയുടെ അറ്റാദായത്തിൽ നിന്നും സംസ്ഥാന സർക്കാർ ഈ ബോർഡിന് കൈമാറിയ തുക ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു വരുന്നു. ഇവയ്ക്കു പുറമേ, ഓരോ വർഷവും അംശദായമായി ലഭിക്കുന്ന തുകയുടെ 2 ശതമാനത്തിന് തുല്യമായ തുക സർക്കാർ ഗ്രാന്റായി ലഭിക്കുന്നതിനും വ്യവസ്ഥയുണ്ട്. |

Deep

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**<u>ക്ഷേമനിധി ആനുകൂല്യങ്ങൾ -</u>**

(1) കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം അടച്ച ഒരംഗത്തിന് 60 വയസ്സ് പൂർത്തിയാകുന്നമുറയ്ക്ക് പ്രതിമാസം 1000 രൂപ പെൻഷന് അർഹതയുണ്ട്. അഞ്ചുവർഷത്തിലധികം അംഗത്വത്തിന് ഓരോ അംഗത്വ വർഷത്തിനും പ്രതിമാസം 100 രൂപ വീതം പെൻഷന് വ്യവസ്ഥയുണ്ട്.

(2) ക്ഷേമനിധിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ച് സ്ഥിരമായി ശാരീരിക അവശത മൂലം കലാ സാംസ്കാരിക പ്രവർത്തനം നടത്താൻ കഴിയാത്ത അംഗത്തിനും മേൽ പറഞ്ഞ നിരക്കിൽ അവശതാ പെൻഷന് അർഹതയുണ്ട്.

(3) കുറഞ്ഞത് രണ്ടു വർഷം അംശദായം അടച്ച അംഗമോ, ക്ഷേമനിധി പെൻഷൻ ലഭിച്ചുവരുന്ന അംഗമോ, മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷന് അർഹതയുണ്ട്. ഏറ്റവും കുറഞ്ഞ കുടുംബ പെൻഷൻ 750 രൂപയാണ്.

(4) കുറഞ്ഞത് ഒരു വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച അംഗത്തിന്റെയോ അംഗത്തിന്റെ പ്രായപൂർത്തിയായ പെൺമക്കളുടെയോ വിവാഹാവശ്യത്തിന് 25000 /- രൂപ വരെ ധന സഹായമായി ലഭിക്കുന്നതാണ്.

(5) ഒരംഗത്തിന്റെ മരണാനന്തര ചെലവായി 3000 രൂപ നിധിയിൽ നിന്നും ലഭിക്കുന്നതിന് അർഹതയുണ്ട്.

(6) മൂന്നു വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച അംഗത്തിന്റെ ചികിത്സക്കായി അംഗത്വകാലയളവിൽ പരമാവധി 50000 /- ചികിത്സാ സഹായമായി ലഭിക്കുന്നതാണ്. എന്നാൽ ഒരു പ്രാവശ്യത്തെ ചികിത്സാ സഹായം 25000 രൂപയിൽ കവിയുവാൻ പാടില്ല.

(7) ഹൃദ്രോഗം, കാൻസർ, വൃക്ക സംബന്ധമായ അസുഖങ്ങൾക്ക്, അംഗത്വം കാലാവധി പരിഗണിക്കാതെ പരമാവധി 75000 /- രൂപ നൽകുന്നതിന് വ്യവസ്ഥയുണ്ട്.

(8) അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിലേക്ക് അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് ബിരുദ - ബിരുദാനന്തര പഠന ചെലവുകൾക്കായി, വായ്പ തുക 60 തവണകളായി 6 % പലിശ സഹിതം തിരികെ അടക്കണമെന്ന വ്യവസ്ഥയിൽ, വായ്പ നൽകാവുന്നതാണ്. 90 ശതമാനമോ അതിലധികമോ മാർക്ക് ലഭിച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് ഉപരിപഠനത്തിനായി 5000 രൂപ പ്രതിവർഷ സ്കോളർഷിപ്പ് നൽകാവുന്നതാണ്.

(9) മരണാനന്തര സഹായം, പ്രസവാനുകൂല്യം എന്നിവയ്ക്കും പദ്ധതിയിൽ വ്യവസ്ഥയുണ്ട്.

---

Deepa
Section Officer